**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **30-06-2022 - ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടിക ജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്നും എത്ര പേർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; ഇതിനു വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 14371 പേർക്ക് 32,21,86,746/-രൂപയും (മുപ്പത്തി രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്താറായിരത്തി എഴുന്നൂറ്റി നാല്പത്തിയാറ് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 10899പേർക്ക് 3,62,79,213/-രൂപയും (മൂന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) ചികിത്സാധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്ന് എത്ര രൂപ വീതം ആർക്കൊക്കെ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7 പേർക്ക് 1,90,000/-രൂപ (ഒരു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. വിശദാംശം **അനുബന്ധമായി** ചേർക്കുന്നു.<br><br>മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായ പദ്ധതി പ്രകാരം അപേക്ഷ ഒന്നും ലഭിച്ചിട്ടില്ല. |
| (സി) | ചികിത്സാ ധനസഹായം പരിഗണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | **പട്ടികജാതി**<br><br>മാരകമായ രോഗങ്ങൾ ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ 1,00,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 50,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ തുടങ്ങിയ ഗുരുതര രോഗം ബാധിച്ചവർക്ക് 1,00,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. നിശ്ചിത |

ഫോറത്തിലുള്ള അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ് ഇവയുടെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ടി അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് കൈമാറും. ബഹു.എം.എൽ.എ യുടെ ശുപാർശ ഉള്ള അപേക്ഷകൾ നേരിട്ട് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ഓഫീസിലേക്ക് അയക്കുന്നതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസർ ടി അപേക്ഷ ഡെപ്യൂട്ടി ഡയറക്ടർക്കും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ഓഫീസിലേയ്ക്കും അയക്കുന്നു. ബഹു.മന്ത്രിയുടെ ഓഫീസിൽ നിന്നും ടി അപേക്ഷയ്ക്ക് ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു. ധനസഹായം അനുവദിച്ച് ഉത്തരവാകുന്ന അപേക്ഷകർക്ക് ധനസഹായ തുക ബാങ്ക് അക്കൗണ്ടിൽ ലഭിക്കും.

**<u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ</u>**

ചികിത്സാധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ ആധാർ കാർഡ്, പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാ ണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ വരെ

| | | | |
|---|---|---|---|
| | | | ധനസഹായം അനുവദിക്കുന്നു.<br><br>ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു.<br><br>മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.<br><br>പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ- മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം ഓൺലൈനാക്കുന്നതിന്റെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | അപേക്ഷകരുടെ പേര് വിലാസം | അനുവദിച്ച തുക |
|---|---|---|
| 1 | സൗമിനി പി<br>വയലിൻകര കോളനാട് | 50,000/- |
| 2 | ടി.രജനി<br>തൈക്കണ്ടി ഹൗസ് | 20,000/- |
| 3 | ആൽവിൻ അജിഷ്<br>കോളോത്ത് ഹൗസ് | 30,000/- |
| 4 | ബാലകൃഷ്ണൻ.കെ<br>ചെറുമ്മൽ വീട് കാര<br>പേരാവൂർ | 20,000/- |
| 5 | വള്ളോടിയാൻ കുമാരൻ<br>അനിതാലയം<br>ചിറ്റാരിപ്പറമ്പ് | 20,000/- |
| 6 | വി.പി.വിനോദൻ<br>മുണ്ടോത്തിൽ വീട്<br>മരുതായി | 30,000/- |
| 7 | കാർത്തിക രവി<br>ചോളാലിൽ ഹൗസ്<br>തില്ലങ്കേരി | 20,000/- |

**സെക്ഷൻ ഓഫീസർ**